# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1714 05.12.2014 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ് - നിലവിലെ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജ് ഇപ്പോൾ നിലവിലുണ്ടോ; 2012 ൽ കുട്ടനാട് പാക്കേജ് അവസാനിച്ചു എന്ന കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ നിലപാട് മറികടക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായിട്ടാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ 07.10.2014 നും 16.10.2014 നും ബഹു.മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) കുട്ടനാട് പാക്കേജിന്റെ പേരിൽ നാളിതുവരെ ചിലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇതുമൂലം പ്രദേശത്ത് എന്തെങ്കിലും നേട്ടമുണ്ടാക്കാനായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) നാളിതുവരെ 400.904 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമൂലം പ്രദേശത്ത് നേട്ടമുണ്ടാക്കാനായിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ൽ കാണാവുന്നതാണ്. |
| (സി) നിലവിൽ പാക്കേജിന്റെ ഭാഗമായി എന്തൊക്കെ പ്രവൃത്തികൾ നടക്കുന്നുണ്ട്; ഓരോ പ്രവൃത്തികൾക്കും ചിലവാകുന്ന തുക ഇനം തിരിച്ച് വ്യക്തമാക്കാമോ; | (സി) അനുബന്ധം 2 ൽ കാണാവുന്നതാണ്. |
| (ഡി) പ്രവൃത്തികൾ ഏതു ഘട്ടംവരെയായി എന്നും എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ? | (ഡി) പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL- 1, KEL- 2, 13 -ാം ധനകാര്യ കമ്മീഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ 2015 മാർച്ച് വരെയും KEL- 3, ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പുറംബണ്ടുകളുടെ നിർമ്മാണം /ബലപ്പെടുത്തൽ വഴി നെൽ കൃഷിക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിവരുന്നു

കരിയാരിൽ ബ്രിഡ്ജ് കം റെഗുലേറ്റർ സ്ഥാപിച്ചു

കാർഷിക യന്ത്രവൽകരണം നടപ്പിലാക്കി.

തരിശു നില കൃഷിക്ക് പ്രോത്സാഹനം നല്കി.

ഓണാട്ടുകരയിലെ ഒന്നാം നെൽകൃഷി ,എള്ള് കൃഷി എന്നിവയ്ക്ക് പ്രോത്സാഹനം നല്കി.

ഗുണമേൻമയുള്ള വിത്തുകൾ വിതരണം ചെയ്തു.

കുട്ടനാട്ടിലെ കർഷകർക്ക് മണ്ണ് പരിശോധനാധിഷ്ഠിതമായ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.

കീടബാധ മുൻകൂട്ടി കണ്ട് മുൻകരുതൽ നല്കി.

കുട്ടനാട്ടിൽ നെല്ല് സംഭരണശാലകൾ സ്ഥാപിച്ചു.

കാർഷിക ജോലികളിൽ യുവാക്കൾക്ക് പരിശീലനം നല്കി.

ഹരിതമേഖലയിൽ അഗ്രീക്ലിനിക്കുകൾ സ്ഥാപിച്ചു

പുറക്കാട് കരിയിൽ ഉൽപാദന ബോണസ് നല്കി.

ഉൽപാദനക്ഷമത കുറഞ്ഞതും രോഗബാധയുള്ളതുമായ തെങ്ങ് വെട്ടിമാറ്റി പുതിയവ വച്ചുപിടിപ്പിച്ചു

കേരള കാർഷിക യൂണിവേഴ്സിറ്റി മുഖേന പ്രാദേശിക പ്രാധാന്യമുള്ള ഗവേഷണം, പരിശീലനം, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവ നടപ്പിലാക്കി.

സമഗ്ര കന്നുകാലി വികസനം നടപ്പിലാക്കി.

നിരണം താറാവു വളർത്തൽ കേന്ദ്രം വികസിപ്പിച്ചു.

നെല്ല്-മത്സ്യകൃഷി സംയോജനം നടപ്പിലാക്കി.

ആറ്റു കൊഞ്ചിന്റേയും കരിമീനിന്റെയും ഉല്പാദനം വർദ്ധിപ്പിച്ചു.

മത്സ്യ തൊഴിലാളികൾക്കായുള്ള ശീതീകരണ സംഭരണ സംവിധാനം നടപ്പിലാക്കി.

മണ്ണ് ജല സംരക്ഷണ പദ്ധതി നടപ്പിലാക്കി.

വനം വകുപ്പ് മുഖേന വേമ്പനാട്ടു കായലിന്റേയും കായംകുളം കായലിന്റേയും തീരങ്ങളിൽ കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കൽ, ഔഷധ ചെടികൾ വിതരണം ചെയ്യുകയും കാവുകളുടെ സംരക്ഷണവും നടപ്പിലാക്കി

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന കൃഷിക്കാർക്ക് വാഴ, പൈനാപ്പിൾ, ഫ്ളോറികൾച്ചർ, കട്ട് ഫ്ളവർ, ലൂസ് ഫ്ളവർ, കുരുമുളക്, കോക്കോ, തേനീച്ചവളർത്തൽ, ജാതി, മണ്ണിര കംപോസ്റ്റ്, മൈനർ ഹോർട്ടികൾച്ചർ വിളകൾ തുടങ്ങിയവക്ക് പ്രോത്സാഹനവും, കോഴയിലേയും കോട്ടയത്തിലേയും വിത്തുൽപാദന യൂണിറ്റും പത്തനംതിട്ടയിൽ സുസ്ഥിരകൂൺ ഉൽപാദനത്തി ത്തിനും യൂണിറ്റ് സ്ഥാപിച്ചു

ജലാശയങ്ങളിൽ നിന്നും പോള നീക്കം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി.

വെച്ചൂരിലുള്ള ആധുനിക അരി മില്ലിൽ Silo Storage system സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

കേരള വാട്ടർ അതോരിടി മുഖേന കുടിവെള്ള പൈപ്പ് ലൈനുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

കുട്ടനാട്ടിലെ വിവിധ പഞ്ചായത്തുകളിലായി ആർ ഓ പ്ലാന്റുകൾ സ്ഥാപിക്കുകയും പുളിങ്കുന്ന് താലൂക് ആശുപത്രിയുടെ ആവശ്യത്തിനായി 2000 LPH-ന്റെ ഒരു ആർ ഓ പ്ലാന്റ് സ്ഥാപിച്ചു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**